"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി-II-ലെ സ്പെഷ്യൽ ഓഫീസർ തസ്തിക - നിയമന വ്യവസ്ഥ നിശ്ചയിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2053/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/09/2019

പരാമർശം:- 02.08.2019 ലെ സ.ഉ(കൈ)നം.102/2019/ത.സ്വ.ഭ.വ.

ഉത്തരവ്

പരാമർശ സർക്കാർ ഉത്തരവ് പ്രകാരം തലസ്ഥാന നഗര വികസന പദ്ധതി II (സി.ആർ.ഡി.പി.-II)ൽ ഒരു സ്പെഷ്യൽ ഓഫീസർ തസ്തിക സൃഷ്ടിച്ചുകൊണ്ടും ടി തസ്തികയിൽ സി.ആർ.ഡി.പി.-II എംപവേർഡ് കമ്മിറ്റി കൺവീനറായിരുന്ന ശ്രീ.റ്റി.ബാലകൃഷ്ണൻ എഐ.എ.എസ്(റിട്ട.)നെ നിയമിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. പ്രസ്തുത ഉത്തരവിനു തുടർച്ചയായി, തലസ്ഥാന നഗര വികസന പദ്ധതി II (സി.ആർ.ഡി.പി.-II)ലെ സ്പെഷ്യൽ ഓഫീസർ തസ്തികയിലുള്ള ശ്രീ.റ്റി.ബാലകൃഷ്ണൻ എഐ.എ.എസ്.(റിട്ട.)-ൻറെ നിയമനം കെ.എസ്.ആർ. ഭാഗം III ചട്ടം 100 പ്രകാരമുള്ള "Re-employment of Pensioner" (പെൻഷണറുടെ പുനർ നിയമനം) പ്രകാരമായിരിക്കുമെന്നും തദനുസരണം ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നിർണ്ണയിക്കേണ്ടതാണെന്നും ഇതിന് പരാമർശ സർക്കാർ ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്നും വ്യവസ്ഥ ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.കെ.ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

കൺവീനർ, സി.ആർ.ഡി.പി-II

സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി II

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം ജില്ലാ ട്രഷറി.

പൊതു ഭരണ (എസ്.സി) വകുപ്പ് (1/8/2019ലെ ഇനം നമ്പർ 3219 പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ധനകാര്യ (ഡെവ.) വകുപ്പ് (ഡെവ-1/115/2019-ഫിൻ തീയതി 17/09/2019 പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ